# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2388 05.02.2018-ലെ മറുപടിയ്ക്ക്

## നടുവണ്ണൂർ വോളിബോൾ അക്കാദമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന വോളിബോൾ അക്കാദമിയുടെ കെട്ടിട നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ), (ബി) & (സി) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള നടുവണ്ണൂർ വോളിബോൾ അക്കാദമിക്ക് 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന് കായികവകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; പ്രവർത്തി നടപ്പിലാക്കാനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ